ഉത്തരം

കൊയിപ്പാടിയിൽ 500 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കാൻ 150 ലക്ഷം രൂപയുടേയും ശിരിയയിൽ 250 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കാൻ 63 ലക്ഷം രൂപയുടേയും പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

ഞാറയ്ക്കൽ മണ്ഡലത്തിലെ കടൽഭിത്തി

97 [1927] *ഡോ. എം. എ. കുട്ടപ്പൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-05 വർഷത്തിൽ ഞാറയ്ക്കൽ നിയോജകമണ്ഡലത്തിൽ കടൽഭിത്തി പുനർനിർമ്മിക്കുന്നതിനായി ജലസേചന വകുപ്പ് എന്തു തുകയ്ക്കുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിനായി സർക്കാർ അനുവദിച്ച തുക എത്ര എന്ന് വെളിപ്പെടുത്തുമോ;

(സി) എടവനക്കാട്, എളംകുന്നപ്പുഴ, നായരമ്പലം, ഞാറയ്ക്കൽ, പെരായി, പള്ളിപ്പുറം എന്നീ സ്ഥലങ്ങളിൽ കടൽഭിത്തിയുടെ ശോർച്ച അടയ്ക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 240.40 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ്.

(ബി) 240.40 ലക്ഷം രൂപ.

(സി) & (ഡി) എടവനക്കാട്ടിൽ കടൽഭിത്തി പുനർനിർമ്മിക്കുന്നതിനായി 141.30 ലക്ഷം രൂപയും, പള്ളിപ്പുറം, എടവനക്കാട്, പെല്ലാനം ദ്വീപ് എന്നിവിടങ്ങളിൽ അടിയന്തിര പ്രവർത്തികൾക്കായി 17 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്ന് അനുവദിച്ചിട്ടുണ്ട്.

പറശ്ശിനിക്കടവിലെ വാട്ടർ തീം പാർക്ക്

98 [1928] *ശ്രീ. കെ. സുധാകരൻ:*
,, *വർക്കല കഹാർ:*
,, *ടി. യു. രാധാകൃഷ്ണൻ:*
,, *പി. ജെ. ജോയി:*
,, *എം. എം. ഹസ്സൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ പ്ലഷേഴ്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ ആഭിമുഖ്യത്തിൽ പറശ്ശിനിക്കടവിൽ നാടൻ ചെങ്കൽ കുന്നുകളിടിച്ച് വാട്ടർ തീം പാർക്കിന് വേണ്ടി പണികൾ നടത്തുന്നുണ്ടോ;

GPM. 2/566/2012—18

LIBRARY ARCHIVES Kerala Legislative Assembly